# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2791 — 20.07.2011 – ൽ മറുപടിക്ക്

### ഗ്രാമ പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഗീതാ ഗോപി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഭൂരിപക്ഷം ഗ്രാമ പഞ്ചായത്തുകളും ദൈനംദിന ചെലവുകൾക്ക് പണമില്ലാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. തനത് വരുമാനവും പൊതു ആവശ്യ ഫണ്ടും ഉപയോഗിച്ച് ഭരണചെലവും നിർബന്ധിത സേവനങ്ങൾ നൽകുന്നതിനുള്ള ചെലവും (ഇതിന് സംരക്ഷണ ഫണ്ടോ വികസന ഫണ്ടോ ഉപയോഗിക്കാൻ കഴിയുകയില്ല) നിർവ്വഹിക്കാൻ കഴിയാത്ത 300-ഓളം ഗ്രാമ പഞ്ചായത്തുകൾ ഉണ്ട് എന്ന് നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടിൽ പറയുന്നു. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) | നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ഇത്തരം ഗ്രാമ പഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും സർക്കാർ പ്രസ്തുത ശുപാർശ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 2011-12-ൽ ലോക്കൽ ഗവൺമെന്റുകൾക്കുള്ള പൊതു ആവശ്യ ഫണ്ട് കമ്മിഷന്റെ നിർദ്ദേശ പ്രകാരം നീക്കി വച്ചിട്ടുണ്ട്.<br><br>കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ പരിഷ്ക്കരിക്കുന്നതിന് നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ തദ്ദേശസ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ